പകർച്ചപ്പനി തടയാൻ നടപടി

22 (*652) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എളമരം കരീം :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡെങ്കിപ്പനി, എലിപ്പനി, എച്ച്1 എൻ1 തുടങ്ങിയ മാരകമായ പനികൾ ഉൾപ്പെടെ സംസ്ഥാനത്തു പകർച്ചപ്പനി വ്യാപകമായിക്കൊണ്ടിരിക്കുന്നത് തടയാൻ സർക്കാർ സംവിധാനം പരാജയപ്പെട്ടിട്ടുണ്ടോ ; കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ബി) സർക്കാർ ആശുപത്രികളുടെ ശോചനീയാവസ്ഥ രോഗവ്യാപനം നിയന്ത്രിക്കുന്നതിൽ പരാജയപ്പെടാൻ കാരണമായിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) അടിയന്തരമായി താൽക്കാലികാടിസ്ഥാനത്തിൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനെയും നിയമിക്കാനും വിവിധ തലങ്ങളിലുള്ള ആശുപത്രികൾക്ക് മരുന്ന് എത്തിച്ചു നൽകാനും നടപടിയെടുക്കുമോ ;

(ഡി) യഥാസമയം രോഗപ്രതിരോധ പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണങ്ങൾ അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) പരാജയപ്പെട്ടിട്ടില്ല. പകർച്ചവ്യാധിരോഗങ്ങൾ തടയാനുള്ള സർക്കാർ സംവിധാനം വളരെ കാര്യക്ഷമമായി പ്രവർത്തിച്ചതിനാൽ പനിബാധിതരുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.

(ബി) പ്രാഥമികാരോഗ്യകേന്ദ്രം, സി.എച്ച്.സി., സർക്കാർ ആശുപത്രി എന്നിവിടങ്ങളിലെ പൊതുജനാരോഗ്യ വിഭാഗം ജീവനക്കാർ, പീൽഡ്തല ത്തിലെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പകർച്ചവ്യാധി നിരീക്ഷണം, ആരോഗ്യബോധവത്ക്കരണം, പകർച്ചവ്യാധി നിയന്ത്രണം തുടങ്ങിയ കാര്യങ്ങൾ ചിട്ടയായി ചെയ്തുവരുന്നുണ്ട്. രോഗചികിത്സയ്ക്കാവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, മരുന്ന്, ചികിത്സാ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കി സർക്കാർ ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ ടി സ്ഥാപനങ്ങളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളും വികസന പ്രവർത്തനങ്ങളും ചെയ്തുവരുന്നു. ആയതിനാൽ സർക്കാർ ആശുപത്രികൾ ശോചനീയാവസ്ഥയിലാണെന്നും രോഗവ്യാപന നിയന്ത്രണ പ്രവർത്തനങ്ങൾ പരാജയപ്പെട്ടുവെന്നും കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നടപടി എടുത്തിട്ടുണ്ട്. സർക്കാർ ആശുപത്രി, പി.എച്ച്.സി., സി.എച്ച്.സി. എന്നിവിടങ്ങളിൽ രോഗചികിത്സയ്ക്ക് ആവശ്യമായ ഡോക്ടർമാർ, പാരാമെഡിക്കൽ ജീവനക്കാർ, ലബോറട്ടറി പരിശോധന സംവിധാനങ്ങൾ, അവശ്യമരുന്നുകൾ തുടങ്ങിയവ എത്തിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾ KMSCL വഴി ലഭ്യമാക്കുന്നതിനു പുറമെ പോരായ്മകൾ ഉണ്ടെങ്കിൽ RSBY ഫണ്ട് വഴിയും സർക്കാരിൽനിന്നും ലഭ്യമാക്കിയ അധിക ഫണ്ടുകൾ വഴി ലോക്കൽ പർച്ചേസ് നടത്തിയും ലഭ്യമാക്കുന്നുണ്ട്. പകർച്ചവ്യാധി നിയന്ത്രണത്തിനായി ഡോക്ടർമാർ ഉൾപ്പെടെ അധിക ജീവനക്കാരെ 2012 മുതൽ താല്ക്കാലിക അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(ഡി) കഴിഞ്ഞിട്ടുണ്ട്.

സ്വാശ്രയ നഴ്സിംഗ് കോളേജുകളിലെ പ്രവേശനം

23 (*653) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. എ. ബേബ്ലി :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സ്വാശ്രയ നഴ്സിംഗ് കോളേജുകൾ ഉണ്ടെന്ന് അറിയിക്കാമോ ; പ്രസ്തുത കോളേജുകളിൽ പ്രവേശനത്തിനായി നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്താണ് ; അതിന്മേൽ സർക്കാരിന് എന്തെങ്കിലും മേൽനോട്ടമുണ്ടോ ;

(ബി) പ്രസ്തുത കോളേജുകളിൽ ഫീസ് ഈടാക്കുന്നത് എന്തെങ്കിലും മാനദണ്ഡപ്രകാരമാണോ ; സർക്കാർ എന്തെങ്കിലും പരിശോധന നടത്താറുണ്ടോ ;

(സി) ആരോഗ്യ സർവ്വകലാശാല ഇപ്രാവശ്യം നടത്തിയ ഒന്നാം വർഷ ബി.എസ്സി. നഴ്സിംഗ് പരീക്ഷയിൽ കൂട്ടത്തോൽവി ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ; ഇതിന്റെ അടിസ്ഥാനത്തിൽ ഫാക്കൽറ്റി നിയമനത്തിലും വിദ്യാർത്ഥി പ്രവേശനത്തിലും മാനദണ്ഡം മേർപ്പെടുത്താൻ നടപടി സ്വീകരിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് ആകെ 111 സ്വാശ്രയ നഴ്സിംഗ് കോളേജുകളുണ്ട്. ഇതിൽ സർക്കാരുമായി 94 നഴ്സിംഗ് കോളേജുകൾ പ്രവേശന കരാറിലേർപ്പെട്ടിട്ടുണ്ട്. 50% മാർക്ക് നേടി ഫിസിക്സ്, കെമിസ്ട്രി, ബയോളജി, ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ ഉൾപ്പെട്ട ഹയർ സെക്കൻഡറിയോ തത്തുല്യ യോഗ്യതയോ ആണ് പ്രവേശനത്തിനുള്ള വിദ്യാഭ്യാസ യോഗ്യത. പ്രവേശനം സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly